"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്- കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ടി.ഡി.സി) - കോവളം ഹോട്ടൽ സമുദ്രയുടെ ഫേസ് II നവീകരണം- മൂന്നാം ഗഡു ഇനത്തിൽ അനുവദിച്ച തുക റിലീസ് ചെയ്യുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.155/2025/TSM തീയതി,തിരുവനന്തപുരം, 15-03-2025

---

പരാമർശം:-
1. 11.10.2021 ലെ സ.ഉ.(സാധാ) നം.313/2021/ടൂറിസം നമ്പർ ഉത്തരവ്
2. 07.02.2024 ലെ സ.ഉ.(സാധാ) നം.75/2024/ടൂറിസം നമ്പർ ഉത്തരവ്
3. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 03.06.2024 ലെ DOT/10036/2023-P5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഹോട്ടൽ സമുദ്ര കോവളത്തിന്റെ ഫേസ് II നവീകരണ പ്രവർത്തനത്തിനായി 480 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം (1) ഉത്തരവ് പ്രകാരം നൽകിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ "5452-01-190-99-Kerala Tourism Development Corporation Limited (Plan)" എന്ന ശീർഷകത്തിൽ നിന്ന് ഫേസ് II നവീകരണത്തിനായി മൂന്നാം ഗഡു ഇനത്തിൽ 1,50,00,000/- (ഒരു കോടി അൻപത് ലക്ഷം രൂപ) റിലീസ് ചെയ്ത് നൽകുന്നതിന് പരാമർശം (2) പ്രകാരവും അനുമതി നൽകിയിരുന്നു.

(2) കെ.ടി.ഡി.സി. ഹോട്ടൽ സമുദ്ര കോവളത്തിന്റെ ഫേസ് II നവീകരണത്തിന് മൂന്നാം ഗഡുവായി അനുവദിച്ച തുക, 2023-24 സാമ്പത്തിക വർഷം ഫണ്ടിന്റെ അപര്യാപ്തത ഉള്ളതിനാൽ ട്രഷറി മുഖേന പാസ്സാക്കി നൽകുവാൻ കഴിഞ്ഞില്ലായെന്നും, ആയതിനാൽ പരാമർശം (2) ഉത്തരവ് 2024-25 സാമ്പത്തിക വർഷത്തേക്ക് പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.ടി.ഡി.സി.- ഹോട്ടൽ സമുദ്ര കോവളത്തിന്റെ ഫേസ് II നവീകരണത്തിന് പരാമർശം (2) ഉത്തരവ് പ്രകാരം റിലീസ് ചെയ്തതും ഫണ്ടിന്റെ അപര്യാപ്തത ഉള്ളതിനാൽ പാസ്സാക്കി നൽകുവാൻ കഴിയാത്തതുമായ 1,50,00,000/- (ഒരു കോടി അമ്പത് ലക്ഷം രൂപ) നടപ്പ് സാമ്പത്തിക വർഷത്തിൽ 5452-01-190-99-Kerala Tourism Development Corporation (Plan) എന്ന ശീർഷകത്തിൽ നിന്നും ചുവടെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്കു വിധേയമായി റിലീസ് ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1) 16/04/2018-ലെ സ ഉ (പി) 62/2018/ധന യിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

2) 09/12/08-ലെ സർക്കുലർ നം.84/2008/ധനയും 30/01/2018-ലെ സർക്കുലർ നം. 08/2018/ധന-ലേയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ.ഉ (കൈ) നം 04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

4) വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ, തിരുവനനന്തപുരം
ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (12.03.2025- ലെ 2918722/പി.യു-സി3/173/2023-ധന- പാർട്ട് (2) പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Archana T
സെക്ഷൻ ഓഫീസർ
Date: 15-03-2025 16:59:25

പകർപ്പ്:-
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്